# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2159 05.05.2017-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കായുള്ള പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കുമോ; | എ) | സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന തീരദേശവാസികളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേനയും വകുപ്പിന്റെ കിഴിലുളള വിവിധ ഏജൻസികൾ മുഖേനയും, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയും നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു |
| ബി) | ഇവരുടെ ഭവന നിർമ്മാണത്തിനും അടിസ്ഥാന സൗകര്യവികസനത്തിനും എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനം (2017-18) എന്നതിൽപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ പാർപ്പിട സൗകര്യത്തിനായി ആകെ 150 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി. വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു |
| സി) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടത്തുന്നതെന്ന് വിശദീകരിക്കുമോ? | സി) | ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളെ കൂടാതെ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വിമൺ (സാഫ്), മത്സ്യഫെഡ്, സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി എന്നീ ഏജൻസികൾ മുഖേനയാണ് മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നത്. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം (എ)

സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന തീരദേശവാസികളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേനയും വകുപ്പിന്റെ കിഴിലുളള വിവിധ ഏജൻസികൾ മുഖേനയും നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ :

1. ഭവന രഹിതരായ 3149 മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി.
2. ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്ന പദ്ധതി.
3. ഭൂരഹിത ഭവന രഹിതരായ 750 മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതി.
4. കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതി.
5. 4500 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്ന പദ്ധതി-2000ലക്ഷം രൂപ
6. 1700 ആരോഗ്യകരമായ ശൗചാലയ നിർമ്മാണ പദ്ധതി-297.50 ലക്ഷം രൂപ
7. മത്സ്യത്തൊഴിലാളികളുടെ കോളനി നവീകരണ പരിപാടി-750 ലക്ഷം രൂപ
8. 60 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.
9. മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കരിയർ ഗൈഡൻസ് 72 എണ്ണം
10. 50 മെഡിക്കൽ ക്യാമ്പുകൾ
11. അക്ഷരസാഗരം
12. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യമായി 20 കോടി ചിലവഴിച്ചു.
13. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.
14. മത്സ്യത്തൊഴിലാളി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം-227 ലക്ഷം രൂപ
15. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കൽ.
16. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുളള കൊഴിഞ്ഞു പോക്ക് തടയൽ പദ്ധതിപ്രകാരം 4000 പേർക്ക്
17. ഫിഷറീസ് സ്ക്കൂളുകളുടെ നവീകരണ പദ്ധതി.
18. മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന 20 സ്ക്കൂളുകളിൽ അടുക്കളപ്പുര നവീകരണ പദ്ധതി - 200 ലക്ഷം രൂപ
19. 40 തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി.
20. കൊല്ലം, എറണാകുളം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികളുടെ 8,9 ക്ലാസുകളിൽ പഠിക്കുന്ന പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി - 2000 പേർക്ക്
21. തീരദേശത്തെ സ്ക്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി- 50 സ്കൂളുകൾ
22. തീരദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം .തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പി ക്കൽ 2016-17 - 2325.5 ലക്ഷം രൂപ
23. മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീ ശാക്തീകരണം സാധ്യമാക്കുന്ന തീരമൈത്രി പദ്ധതി- 5 കോടി രൂപ
24. മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് പലിശ ഒഴിവാക്കി നൽകുന്ന പദ്ധതി.
25. മത്സ്യത്തൊഴിലാളി യുവതികൾക്കായി തീരനൈപുണ്യ പദ്ധതി.
26. മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശ രഹിത വായ്പ.
27. മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾക്ക് ഇന്ധന സബ്സിഡി.
28. ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം.

29. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം- (4000 എണ്ണം)- 800 ലക്ഷം രൂപ
30. തീരപ്രദേശത്ത് അംഗനവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും സൗകര്യം മെച്ചപ്പെടുത്തലും.
31. മത്സ്യത്തൊഴിലാളി അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.
32. മത്സ്യത്തൊഴിലാളി സാമ്പത്തിക താങ്ങൽ പദ്ധതി.
33. മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി.
34. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി -31.5 കോടി രൂപ
35. മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന ബോണസ്സ് - 83.55 ലക്ഷം രൂപ
36. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ സ്വന്തമാക്കുന്നതിന് വായ്പാ പദ്ധതി.
37. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി.
38. കടലിൽ കൂടുകളിലെ മത്സ്യകൃഷി.

ഈ സർക്കാരിന്റെ കാലത്ത് പുതുതായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ:

1. ഭൂരഹിത ഭവന രഹിത മത്സ്യത്തൊഴിലാളികളുടെ ഭൂമിയും വീടിനുമുള്ള പദ്ധതി.
2. കടലോരത്ത് കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന പദ്ധതി.
3. മെഡിക്കൽ ക്യാമ്പ്.
4. അക്ഷരസാഗരം
5. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യപി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.
6. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ചെലവ് വഹിക്കൽ.
7. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുളള കൊഴിഞ്ഞു പോക്ക് തടയൽ പദ്ധതി.
8. തീരദേശ വിദ്യാലയങ്ങളിൽ അടുക്കളപ്പുര നവീകരണ പദ്ധതി.
9. തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി.
10. മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി.
11. തീരദേശത്തെ സ്ക്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി.
12. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം.
13. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി.
14. സികേജ് ഫാമിംഗ് പദ്ധതി.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി ഈ വകുപ്പ മുഖേന സംസ്ഥാന പ്ലാൻ/ നോൺ പ്ലാൻ ഫണ്ടുകൾ, NABARD, RKVY, NFDB എന്നിവയിൽ നിന്നുള്ള ഫണ്ട്, എന്നിവ വിനിയോഗിച്ചുകൊണ്ട് പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ, നിലവിലുള്ളവയുടെ നവീകരണം, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ , തീരദേശ റോഡുകൾ, പാലങ്ങൾ, ഫിഷ് ഹാച്ചറികൾ, ഫിഷറീസ് സ്കൂളുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

(ഒപ്പ്)
**സെക്ഷൻ ആഫീസർ**

## അനുബന്ധം (ബി)

മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനും അടിസ്ഥാന സൗകര്യവികസനത്തിനും നൽകി വരുന്ന സഹായങ്ങൾ.

| ക്രമ നം | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയിട്ടുളള തുക (ലക്ഷത്തിൽ |
|---|---|---|
| (1) | 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം | 4800.00 |
| (2) | 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് ധനസഹായം | 7500.00 |
| (3) | തീരദേശത്ത് 50 മീറ്ററിനുളളിൽ താമസിക്കുന്ന മത്സ്യ ത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| (4) | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുരധി വസിപ്പിക്കുന്നതിന് 25 ഫ്ളാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം | 2000.00 |
| | **ആകെ** | **15000.00** |

**ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2017-18) തീരപ്രദേശത്ത് ആരോഗ്യ / വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം- 3000 ലക്ഷം രൂപ**

തുക ലക്ഷത്തിൽ

| | | | |
|---|---|---|---|
| (1) | തിരുവനന്തപുരം വർക്കല ഗവൺമെന്റ് ഹോസ്പിറ്റലിന് പുതിയ ഐ.പി. ബ്ലോക്കിന്റെയും പാലിയേറ്റീവ് ബ്ലോക്കിന്റെയും നിർമ്മാണം | - | 138.00 |
| (2) | തിരുവനന്തപുരം കടയ്ക്കാവൂർ ആയുർവേദ ഹോസ്പിറ്റലിന് പുതിയ ഐ.പി. ബ്ലോക്കിന്റെ നിർമ്മാണം | - | 159.00 |
| (3) | കൊല്ലം നെടുമ്പന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനം | - | 410.00 |
| (4) | കൊല്ലം, കുണ്ടറ താലൂക്ക് ഹോസ്പിറ്റലിന്റെ അടിസ്ഥാന സൗകര്യ വികസനം | - | 732.00 |
| (5) | ആലപ്പുഴ, കണ്ടല്ലൂർ പി.എച്ച്.സബ് സെന്ററിന് പുതിയ കെട്ടിട നിർമ്മാണം | - | 198.00 |
| (6) | തൃശ്ശൂർ, വലപ്പാട് ആയുർവേദ ഹോസ്പിറ്റലിന് പുതിയ കെട്ടിട നിർമ്മാണം | - | 151.00 |
| (7) | തൃശ്ശൂർ, അഴീക്കോട് ആയുർവേദ ഹോസ്പിറ്റലിന് പുതിയ കെട്ടിട നിർമ്മാണം | - | 83.00 |
| (8) | കോഴിക്കോട് പയ്യോളി പി.എച്ച്.സി. യ്ക്ക് കെട്ടിട നിർമ്മാണം | - | 141.00 |
| (9) | കണ്ണൂർ രാമന്തളി പി.എച്ച്.സി. ക്ക് പുതിയ കെട്ടിട നിർമ്മാണം | - | 61.00 |
| (10) | കാസർഗോഡ് പളളിക്കര പി.എച്ച്.സി. യ്ക്ക് പുതിയ കെട്ടിട നിർമ്മാണം | - | 187.00 |
| (11) | കാസർഗോഡ് പടന്ന വി.കെ.പി. മെമ്മോറിയൽ പി.എച്ച്. സി. യ്ക്ക് പുതിയ കെട്ടിട നിർമ്മാണം | - | 194.00 |
| (12) | കൊല്ലം ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം | - | 400.00 |
| (13) | ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ വികസനം | - | 146.00 |
| | **ആകെ** | ; | **3000.00** |

**സെക്ഷൻ ആഫീസർ**